# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 873 | 30.10.2019 -ന് മറുപടിയ്ക്ക്

## ഹിന്നാക്ക വിഭാഗ വികസന വകുപ്പിനെ ശക്തിപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് ശക്തിപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലക്കാട്, കൊല്ലം എന്നീ ജില്ലകളിൽ ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും ടി ഓഫീസുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പ്രസ്തുത വകുപ്പിൽ പുതിയ ഓഫീസോ, തസ്തികകളോ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) ഇല്ല. എന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പുതിയ ഉപജില്ലാ ഓഫീസുകളും 40 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാന പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുകയാണ് ഈ സാമ്പത്തിക വർഷം പിന്നാക്ക സമുദായ വികസന വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത് ; | (സി) 0.45% |
| (ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികളെന്തൊക്കെയാണ് ; വിശദമാക്കാമോ ? | (ഡി) പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ കുംഭാര സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതി മുൻനിർത്തി 'കുംഭാര കോളനി നവീകരണം' എന്ന പദ്ധതി ആവിഷ്കരിച്ചു. ഒരു കോളനിയ്ക്ക് പരമാവധി ഒരു കോടി രൂപ വരെ ധനസഹായം ഈ പദ്ധതി വഴി അനുവദിക്കുന്നു. തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ കുംഭാര കോളനിയാണ് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കോളനി. |

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ 2017-18 വർഷം സിക്കിൾ സെൽ അനീമിയ ബാധിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കുള്ള ധനസഹായം എന്നീ പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി 2019-20 -ൽ പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപനത്തിനുള്ള ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കായി ഓരോ കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ